<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ.ബി 6/1906/2022/മെ.വി.വ.** **തീയതി: 26/11/2022**

**<u>വിജ്ഞാപനം</u>**

**<u>ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് 2022-23</u>**
**<u>[പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് ( പെൺകുട്ടികൾ) മാത്രം]</u>**

**<u>ജി.എൻ.എം സ്പോട്ട് അഡ്മിഷൻ 29-ന്</u>**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്കായി 2022-23-ൽ നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സിലേയ്ക്കുള്ള പ്രവേശന നടപടികളുമായി ബന്ധപ്പെട്ട്, ഒഴിവുള്ള എസ്.സി വിഭാഗം പെൺകുട്ടികളുടെ **ഒരു ( 1 ) സീറ്റിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ 2022 നവംബർ മാസം 29-ന് രാവിലെ കൃത്യം 11 മണിക്ക് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ( മെഡിക്കൽ കോളേജ് പി. ഒ . , തിരുവനന്തപുരം) വച്ച് നടത്തുന്നു. തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ ഒഴിവുള്ള എസ്.സി വിഭാഗം പെൺകുട്ടികളുടെ ' 1 ' ഒഴിവ്,** അന്നേദിവസം സ്പോട്ട് അഡ്മിഷനിലൂടെ നികത്തുന്നതാണ്. 2022-23 അധ്യയന വർഷത്തെ ജി.എൻ.എം പ്രവേശന നടപടികൾ 2022 November 30-ന് അവസാനിക്കുന്നതിനാൽ ഇനി ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും അന്നേ ദിവസം സ്പോട്ട് അഡ്മിഷനിലൂടെ നികത്തുന്നതായിരിക്കും.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താല്പര്യമുള്ള എല്ലാ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ (എസ്.എസ്.എൽ.സി, പ്ലസ് ടു, കമ്മ്യൂണിറ്റി, നേറ്റിവിറ്റി, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് മുതലായവ), റ്റി.സി എന്നിവ സഹിതം നേരിട്ട് പ്രസ്തുത ദിവസം സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്

പ്രവേശനം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ റാങ്ക് അടിസ്ഥാനത്തിൽ മാത്രമായിരിക്കും. **ആകെ ഒരു' 1 ' ഒഴിവ് മാത്രമാണ് ഉള്ളത് എന്നത് പ്രത്യേകം അറിയിക്കുന്നു.പങ്കെടുക്കാൻ താല്പര്യമുള്ളവർ കൃത്യം 11 മണിക്കുതന്നെ ഹാജരാകേണ്ടതാണ്.**

**വിശദവിവരങ്ങൾ ഡി.എം.ഇ-യുടെ വെബ് സൈറ്റായ www.dme.kerala.gov.in**

**-ല് ലഭ്യമാണ്**

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by SALEENA SHAH
Date: 2022.11.26 12:20:32 IST
Reason: Approved

ഡയറക്ടർക്ക് വേണ്ടി

SALEENA SHAH
JOINT DIRECTOR (NURSING)

പകർപ്പ്: 1. പട്ടിക ജാതി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. ആദിവാസി മഹാസഭ, ആദിവാസി ഭവൻ,വിളുര,തിരുവനന്തപുരം
4. പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, കോട്ടയം
5. ഡി.എം.ഇ/ജെ.ഡി.എം.ഇ(എം&ജി)/ജെ.ഡി.എൻ.ഇ,എന്നിവരുടെ സി.എ മാർക്ക്
6. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (അക്കാദമിക്)
7. സീനിയർ സൂപ്രണ്ട്(അക്കാദമിക്)
8. സർജന്റ്
9. നോട്ടീസ് ബോർഡ്